## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1819 16.06.2014-ൽ മറുപടിയ്ക്ക്**

**കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് പ്രിവൻഷൻ ആക്ട് -പാലക്കാട് ജില്ല**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കെ.എ.പി.എ. നിയമ പ്രകാരം പാലക്കാട് ജില്ലയിൽ എത്ര പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ; ഓരോരുത്തരും ചെയ്ത കുറ്റകൃത്യങ്ങൾ എന്തെല്ലാം ; ഓരോരുത്തരുടേയും എഫ്. ഐ.ആറിലെ കുറ്റകൃത്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം കരുതൽ തടങ്കൽ നിയമമാണ്. അതുകൊണ്ട് തന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ, അറിയപ്പെടുന്ന ഗുണ്ടയോ, അറിയപ്പെടുന്ന റൗഡിയോ ആയിട്ടുള്ള ആളുകളെ, അവർ ചെയ്ത കുറ്റ കൃത്യങ്ങൾക്കുള്ള ശിക്ഷയായല്ല മറിച്ച് അവർ തുടർന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും തടയുന്നതിലേക്കായാണ് ജില്ലാ മജിസ്ട്രേട്ട് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരുതൽ തടങ്കലിൽ വയ്ക്കുന്നത്. പ്രസ്തുത നിയമ പ്രകാരം പാലക്കാട് ജില്ലയിൽ 68 പേർക്കെതിരെ കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവി ച്ചിട്ടുണ്ട്. |
| ബി) പാലക്കാട് ജില്ലയിലെ ഏതെങ്കിലും രാഷ്ട്രീയ പ്രവർത്തകനെ കെ.എ.പി.എ. പ്രകാരം കേസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്കെതിരെയെല്ലാം എന്ന് വ്യക്തമാ ക്കുമോ ; | (ബി) രാഷ്ട്രീയ പ്രവർത്തനത്തിന് നേതൃത്വം നല്കുന്ന വർക്കെതിരെയോ രാഷ്ട്രീയ പ്രവർത്തന ത്തിൽ പങ്കെടുത്തു എന്ന കാരണത്താലോ ആർക്കെതിരെയും കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം നടപടികൾ സ്വീകരിച്ചി ട്ടില്ല. നിരന്തരമായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർ രാഷ്ട്രീയ പ്രവർത്തകരാണ് എന്ന കാരണത്താൽ നിയമാനുസൃത നടപടികളിൽ നിന്നും ഒഴിവാ ക്കപ്പെടുന്നില്ല. |

| | | | |
|---|---|---|---|
| സി) | പാലക്കാട് ജില്ലയെ പോലീസ് കെ.എ.പി.എ. യിൽ ഉൾപ്പെടുത്തിയത് സ്റ്റേറ്റ് അഡ്വൈസറി ബോർഡ് തെറ്റാണെന്ന് കണ്ടെത്തുകയോ, റദ്ദ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (സി) | കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരം പാലക്കാട് ജില്ലയിൽ കരുതൽ തടങ്കലിൽ പാർപ്പിച്ചവരിൽ 21 പേരുടെ തടങ്കലിന് മതിയായ കാരണമില്ല എന്ന് അഡ്വൈസറി ബോർഡ് അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെയുള്ള ഉത്തരവുകൾ സർക്കാർ റദ്ദ് ചെയ്തിട്ടുണ്ട്. |
| ഡി) | കള്ളക്കേസ് എടുത്ത് കെ.എ.പി.എ. പ്രകാരമുള്ള നടപടിയിൽ ഉൾപ്പെടുത്തിയ സംഭവം പാലക്കാട് ജില്ലയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | എങ്കിൽ കള്ളക്കേസ് എടുത്ത പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ; | (ഇ) | ബാധകമല്ല. |
| എഫ്) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് പുറപ്പെടുവിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (എഫ്) | കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നത് ടി നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടും ഭരണഘടനയിലെ രക്ഷാവ്യവസ്ഥകൾ പരിരക്ഷിച്ചുകൊണ്ടുമായിരിക്കണമെന്ന് ഉറപ്പുവരുത്തുന്നതിനായുള്ള പൊതു നിർദ്ദേശങ്ങൾ സർക്കാർ വിവിധ സമയങ്ങളിൽ ബന്ധപ്പെട്ട അധികാരികൾക്ക് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ